**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4953** **01-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിൽ നൈപുണ്യ ആവശ്യകതക്കനുസരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ 389 വി.എച്ച്.എസ്.ഇ സ്കൂളുകളിലെ 1101 ബാച്ചുകളിലായി പഠിപ്പിക്കുന്ന എല്ലാ തൊഴിലധിഷഠിത കോഴ്സുകളും ദേശീയ തൊഴിൽനൈപുണ്യ പദ്ധതി (NSQF) അനുസരിച്ച് ആധുനികവൽക്കരിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഘടന, ഉള്ളടക്കം, പാഠ്യപദ്ധതി പരിശീലനം, പ്രായോഗിക പരീക്ഷ എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |
| (ബി) | വ്യത്യസ്ത വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നൂതന സാങ്കേതിക നൈപുണ്യ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല. എന്നാൽ വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ എൻ.എസ്.ക്യൂ.എഫ് കോഴ്സുകളുടെ പഠനപ്രവർത്തനങ്ങളായ OJT, Expert Interaction, Virtual field visit എന്നിവ മറ്റുവകുപ്പുകൾ - സർക്കാർ/സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപിപ്പിച്ചു കൊണ്ടാണ് നടപ്പാക്കുന്നത്. |
| (സി) | സാങ്കേതിക വിദ്യാഭ്യാസം ദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംവിധാനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (സി) | വി.എച്ച്.എസ്.ഇ വകുപ്പ് നടത്തിവരുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും ദേശീയ മാനദണ്ഡങ്ങൾക്ക് (NSQF)അനുസൃതമായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ